# 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017-ലെ 16-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ജനുവരി 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിന്റെ (2017-ലെ 16-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതും ഒരു മേഖലാ ആഫീസ് കൊച്ചിയിൽ ഉണ്ടായിരിക്കുന്നതുമാണ്.".

(2) (4) -ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാളോ, സർക്കാരിലോ പൊതുമേഖലയിലോ വൻകിട തുറമുഖങ്ങളിലോ മാരിടൈം ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ/മാനേജിംഗ് ഡയറക്ടർ/വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ ഭരണപരിചയമുള്ള ആളോ ആയിരിക്കേണ്ടതുമാണ്.".

KNPP.1200/2022.

(ബി) (ii)-ാം ഇനത്തിൽ, "പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (ix)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(x) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ : മെമ്പർ സെക്രട്ടറി.".

(3) (5)-ാം ഉപവകുപ്പിൽ, "അഞ്ച്" എന്ന വാക്കിന് പകരം "മൂന്ന് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. <u>8-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ "ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "സർക്കാരിന് സ്വമേധയോ അല്ലെങ്കിൽ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>9-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ അവസാനമായി താഴെപ്പറയുന്ന വാചകം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"കൂടാതെ സർക്കാരിന്റെ താല്പര്യങ്ങൾക്കനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നതെന്നും സാമ്പത്തികമായ കരുതലുകൾ ഉൾപ്പെടെ, എല്ലാ നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും സൂക്ഷ്മമായി പാലിക്കുന്നുണ്ടെന്നും അദ്ദേഹം ഉറപ്പുവരുത്തേണ്ടതാണ്.".

5. <u>13-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "വിജ്ഞാപനം" എന്ന വാക്കിന് പകരം "ഉത്തരവ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

6. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(1 എ) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ബോർഡിന്റെ എല്ലാ ഇടപാടുകളിലും സാമ്പത്തികഅച്ചടക്കം ഉറപ്പുവരുത്തുക എന്നത് ധനകാര്യ-കണക്കുകളുടെ കൺട്രോളറുടെ കർത്തവ്യമാണ്.".

7. <u>17-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17. <u>തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ</u>.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖകാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സൂപ്പറാന്വേഷനോടുകൂടി, അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നുംതന്നെ പ്രസ്തുത ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിർണ്ണയിക്കപ്പെടാവുന്നവിധത്തിൽ ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിനെ തടയുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരെ പ്രസ്തുത വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട അവരുടെ അവകാശങ്ങൾക്ക് ഹാനി വരുത്താത്ത വിധത്തിൽ അവരുടെ സേവനം വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ അപ്രകാരം തുടരുന്ന സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്കനടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ വിരമിക്കുന്നതോടുകൂടി ആ തസ്തികകളുടെ എൻട്രി കേഡർ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്.

(5) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നിശ്ചയിക്കപ്പെട്ട ദിവസം ബോർഡിലെ ജീവനക്കാരായി മാറിയവർക്ക് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനെ തുടർന്ന് യാതൊരുവിധ മാറ്റങ്ങളോ സീനിയോറിറ്റി നഷ്ടമോ സേവന വേതന വ്യവസ്ഥയിൽ ദോഷകരമായ മറ്റ് യാതൊരുവിധ മാറ്റങ്ങളോ കൂടാതെതന്നെ സർക്കാർ ജീവനക്കാരായി തുടരാവുന്നതാണ്. ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ ബോർഡിലെ ജീവനക്കാരായി മാറിയ

ജീവനക്കാരെ തിരിച്ച് സർക്കാർ ജീവനക്കാരായി മാറ്റുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം അതിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.”.

8. 18-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

9. 90-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 90-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,"ഗൗരവമേറിയ അടിയന്തരഘട്ടമെന്ന കാരണത്താൽ" എന്ന വാക്കുകൾക്ക് പകരം "ഉത്തരവിൽ പറയുന്ന കാരണങ്ങളാൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിന് കീഴിലുള്ള പൊതു നിബന്ധന വ്യവസ്ഥയിൽ "വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക്, ബോർഡിനെ അതിലംഘിക്കാവുന്നതാണ് " എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക് ഈ ആക്റ്റിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(സി) (ബി) ഖണ്ഡത്തിന് ശേഷമുള്ള ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ “ സർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ” എന്ന വാക്കുകൾക്ക് പകരം “സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (സി) ഖണ്ഡത്തിൽ, "സർക്കാരിൽ" എന്ന വാക്കിന് പകരം "(1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്ററിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ "ആറ് മാസത്തിൽ കവിയാത്ത" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (സി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പ്രസ്തുത" എന്ന വാക്കിന് പകരം "ഈ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. 91-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 91-ാം വകുപ്പിലെ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) "നയപരമായ നിർദ്ദേശങ്ങൾ" എന്ന വാക്കുകൾക്ക് പകരം "പ്രാധാന്യമുള്ള കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ, "നയപരമായ ഒന്നാണോ" എന്ന വാക്കുകൾക്ക് പകരം "പ്രാധാന്യമുള്ള കാര്യമാണോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

11. 92-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 92-ാം വകുപ്പിൽ, "ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായി" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന സർക്കാരുമായും ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. സാധൂകരണം.— 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2022-ലെ 9) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിതീർന്നിരുന്നാൽതന്നെയും ,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിതീർന്നതിന് ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്ക് മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിതീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്ന എന്നതുപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.